(5) എം.കെ.എം.എച്ച്.എസ്., പിറവം — 2003
(6) ലിറ്റിൽ ഫ്ളവർ ഇ.എം. സ്കൂൾ, ഉദയംപേരൂർ — 1987
(7) എൻ.ഇ.എസ്. എൽ.പി. സ്കൂൾ, കോടനാട് — 1984
(8) എസ്.എൻ. ഇം.എം. എൽ.പി.എസ്., കാഞ്ഞിരമറ്റം — 1997
(9) വിജ്ഞാനോദയ വിദ്യാപീഠം ഇ.എം. സ്കൂൾ, ഉദയംപേരൂർ — 2004
(10) സെന്റ് ജേക്കബ് പബ്ലിക് സ്കൂൾ, രാമമംഗലം — 1996
(11) സെന്റ് മേരീസ് ഇ.എം. സ്കൂൾ, ആജൽപ്പെട്ടി — 1996
(12) ഹോളി കിംഗ് പബ്ലിക് സ്കൂൾ, പിറവം — 2004
(13) സെന്റ് പോൾ ബഥനി പബ്ലിക് സ്കൂൾ, വെളിയനാട് — 1997

(സി) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പോളിടെക്നിക്കൽ ഡിപ്ലോമ അടിസ്ഥാന യോഗ്യതയുള്ളവർക്ക് 7200 രൂപ സ്കെയിലിലേക്ക് ഗ്രേഡ് നൽകാൻ നടപടി

31 [1132] **ശ്രീ. തോമസ് ഉണ്ണിയാടൻ :**
,, **സ്റ്റീഫൻ ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ പോളിടെക്നിക്കൽ ഡിപ്ലോമ അടിസ്ഥാന യോഗ്യതയായുള്ള തസ്തികകളുടെ പ്രമോഷൻ തസ്തികയായ അസിസ്റ്റന്റ് ലക്ചറർ നിർത്തലാക്കിയതിനുശേഷം അവർക്ക് ലഭിക്കേണ്ട ഗ്രേഡ് ₹ 6675-ൽ നിന്ന് ₹ 5000 ആയി കുറഞ്ഞ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ ഗ്രേഡ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) ₹ 6675-ന് പകരം ₹ 7200 എന്ന സ്കെയിലിലേക്ക് ഗ്രേഡ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ഡി) എല്ലാ വിഭാഗം ഡിപ്ലോമക്കാരെയും ടെക്നിക്കൽ സ്കൂൾ സൂപ്രണ്ട് തസ്തികയിലേക്ക് പരിഗണിക്കാമെന്നുള്ള ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഉണ്ടായ തീരുമാനത്തിന് ഉതകുന്ന സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് ലക്ചറാവാൻ യോഗ്യതയുള്ള വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ മാർക്ക് 28-2-1997 വരെ 6675-10550 സ്കെയിൽ ഗ്രേഡ് പ്രൊമോഷൻ നൽകിയിട്ടുണ്ട്. 1-3-1997 മുതൽ യോഗ്യത്യുള്ളവർക്ക് വർക്ക്ഷോപ്പ് ഇൻസ്ട്രക്ടറുടെ അടുത്ത പ്രൊമോഷൻ സ്കെയിലായ 5500-9075-ഉം അല്ലാത്തവർക്ക് പേ റിവിഷന്റെ ടേബിളിൽ പറഞ്ഞിട്ടുള്ള 5000-8150 സ്കെയിലും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പേ റിവിഷൻ ഉത്തരവ് നമ്പർ ജി.ഒ. (പി) 3000/98/ഫിൻ. തിയതി 25-11-1998 പ്രകാരമാണ് ഗ്രേഡ് നിശ്ചയിച്ചത്.

(സി) ഈ സ്കെയിലിൽ ഗ്രേഡ് നൽകിയിട്ടില്ല.

(ഡി) പുതുക്കിയ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

ചേലക്കര പോളിടെക്നിക്കിന് സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

32 [1133] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ചേലക്കര ഗവൺമെന്റ് പോളിടെക്നിക്ക് എന്നാണ് ആരംഭിച്ചതെന്നും എത്ര കാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നും വെളിപ്പെടുത്തുമോ :

(ബി) ഈ സ്ഥാപനത്തിന് സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി മുൻ വർഷങ്ങളിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ :

(സി) ഈ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ :

(ഡി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത കാരണത്താൽ ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ ഈ സ്ഥാപനത്തിന്റെ അംഗികാരം പിൻവലിക്കുകയും തുടർന്ന് എത്രയുംവേഗം അത് പരിഹരിക്കാമെന്ന് സർക്കാർ തന്നെ ഉറപ്പുനൽകിയതിനെ തുടർന്ന് പ്രസ്തുത നടപടി താൽക്കാലത്തേക്ക് നിർത്തി വയ്ക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഇ) എങ്കിൽ ഈ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുകയും സമയബന്ധിതമായി ഈ സാമ്പത്തിക വർഷം തന്നെ കെട്ടിടം പണി പൂർത്തിയാക്കാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1999-2000-ൽ ആരംഭിച്ചു. 1999 മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) 2001-02-ൽ 1,000 രൂപ
2002-03-ൽ 1,000 രൂപ
2003-04-ൽ 50,000 രൂപ
2004-05-ൽ 40,000 രൂപ
2005-06-ൽ 24,30,000 രൂപ

(സി) ഈ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 1,22,00,000 (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷം) രൂപയുടെ പുനർ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചു. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 24,30,000 (ഇരുപത്തിനാല് ലക്ഷത്തി മുപ്പതിനായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly